# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 09, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 12 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്ന് 4 പേർക്ക് വീതവും, മലപ്പുറം ജില്ലയിൽ നിന്ന് 2 പേരും, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നും ഓരോരുത്തർക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 13 പേരുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. എറണാകുളം ജില്ലയിൽ നിന്നും 6 പേരുടേയും (2 പേർ കണ്ണൂർ ജില്ല, 1 വിദേശി ഉൾപ്പെടെ), കണ്ണൂർ ജില്ലയിൽ നിന്നും 3 പേരുടേയും, ഇടുക്കി, മലപ്പുറം ജില്ലകളിൽ നിന്നും 2 പേരുടെവീതവും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച 258 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 212 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 136195 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 135472 പേർ വീടുകളിലും 723 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 12710 സാമ്പിളുകൾ പരിശോധിച്ചതിൽ 11469 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 13,95,136 കേസുകളും, 81,580 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 5734 കേസ്സുകളും, 166 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 540 പുതിയ കേസ്സുകളും, 17 മരണവുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിങ്ങ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും, ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. കാസർഗോഡ് ജില്ലയിൽ സജ്ജമായ കോവിഡ് ആശുപത്രിയെക്കുറിച്ചുള്ള വിവരണവും നടത്തി. ഇപ്പോഴത്തെ ടെസ്റ്റിംഗിനെക്കുറിച്ചുള്ള വിവരണവും, മെഡിക്കൽ ഉപകരണങ്ങളെക്കുറിച്ചുള്ള വിവരണവും നടത്തി. കേരളത്തിൽ രോഗം സ്ഥിരീകരിച്ചവരുടെ വയസ് തിരിച്ചുള്ള കണക്കിൽ 60 വയസ്സിന് മുകളിൽ 7.5 ശതമാനവും, 20 വയസ്സിൽ താഴെയുള്ളവർ 6.9 ശതമാനവും, ഇരുപതിനും, അറുപതിനും ഇടയ്ക്കുള്ളവർ 82 ശതമാനവും ആണ്. കേരളത്തിൽ സ്ഥിരീകരിച്ച 345 രോഗികളിൽ 256 പേർ (74.2%) പുറത്തുനിന്ന് വന്നവരും, 89 പേർ ( 25.8%) സമ്പർക്കം മൂലവും രോഗം ബാധിച്ചവരാണ്.

## ചീഫ് സെക്രട്ടറി

മരുന്നുകളുടെയും, ഭക്ഷ്യസാധനങ്ങളുടേയും സ്റ്റോക്ക് നിരീക്ഷിക്കുന്നുണ്ട്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 2457 ലോറികൾ ആണ് എത്തിയിട്ടുള്ളത്. ഇന്നലത്തെ കണക്ക് വച്ച് നോക്കുമ്പോൾ 500-ഓളം വാഹനങ്ങൾ അധികമായി വന്നിട്ടുണ്ട്. 70 ചരക്ക് വാഹനങ്ങളിൽ ഉള്ളി എത്തിയിട്ടുണ്ട്. എൻ എ എഫ് ഇ ഡി പയറുവർഗ്ഗങ്ങൾ നിറച്ച ട്രെയിൻ ഇന്ന് വൈകിട്ടോടെ എത്തുമെന്നാണ് അറിവായിട്ടുള്ളത്. ആന്റീബോഡി ടെസ്റ്റ് കിറ്റുകൾ നാളെയോടെ പുറപ്പെടുമെന്നാണ് അറിവായിട്ടുള്ളത്. ഇതുമായി സംബന്ധിച്ച് സഹായം വേണമെന്ന് വിദേശകാര്യ മന്ത്രി യുമായി സംസാരിച്ചിരുന്നു. അദ്ദേഹം എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. സ്വകാര്യ ലാബുകളുടെ ടെസ്റ്റിങ്ങുമായി ബന്ധപ്പെട്ട ഉത്തരവ് ഇറക്കാമെന്ന് ആരോഗ്യ വകുപ്പ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മാലിന്യം നീക്കുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ക്ലീൻകേരള കമ്പനിയെ നിയോഗിക്കാം എന്നാണ് തീരുമാ നിച്ചിട്ടുള്ളത്. ഗാർഹിക പീഡനങ്ങളുമായി ബന്ധപ്പെട്ട് സഹായം തേടുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്. നിസ്സാമുദ്ദീനിൽ നിന്നും തിരികെ വന്ന 231 പേരെ കണ്ടെത്തിയതിൽ 171 പേരുടെ സാമ്പിളുകൾ പരിശോധിച്ചു. ഇതിൽ 17 പേരുടെ സാമ്പി ളുകളാണ് പോസിറ്റീവ് ആയിട്ടുള്ളത്. 123 പേരുടെ പരിശോധനാ ഫലം ഇന്ന് നെഗറ്റീവ് ആണ്.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം

5376 ടൺ ഗോതമ്പ് ട്രെയിൻ മാർഗ്ഗം എഫ് സി ഐ ഗോഡൗണിൽ നിന്നും പുറപ്പെട്ടിട്ടു ണ്ട്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

മാസ്കുകൾ മൂലമുള്ള മാലിന്യങ്ങൾ അധികമായി വരുന്നതായി ബഹു. മുഖ്യമന്ത്രി ഇന്നലെ പത്ര സമ്മേളനത്തിൽ സംസാരിച്ചിരുന്നു. മാസ്കുകളുമായി ബന്ധപ്പെട്ട് സാർവ്വ ദേശീയമായി ഒരു മാനദണ്ഡം നിലനിൽക്കുന്നുണ്ട്. ഇതിൽ വീണ്ടും ഉപയോഗിക്കാൻ സാധിക്കുന്ന തുണികൊണ്ടുള്ള മാസ്കുകൾ വേണം പൊതുജനങ്ങൾ ഉപയോഗിക്കാൻ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എൻ 95 മാസ്കുകൾ കോവിഡ് രോഗികളെ ചികിത്സിക്കുന്ന ആരോഗ്യ പ്രവർത്തകരും 3 ലെയർ ഉള്ള മാസ്കുകൾ മറ്റ് ആരോഗ്യ പ്രവർത്തകരും, രോഗികളുമായി അടുത്തിടപഴകുന്നവരും ഉപയോഗിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ രണ്ട് മാസ്കുകളും ഒരു തവണ ഉപയോഗിച്ചതിന് ശേഷം അവർ പറയുന്ന മാനദ ണ്ഡങ്ങളനുസരിച്ച് നശിപ്പിച്ച് കളയേണ്ടതാണ്. എന്നാൽ കഴിഞ്ഞ ദിവസം തിരുവനന്ത പുരത്തെ ഒരു മാസ്ക് വിൽക്കുന്ന കേന്ദ്രത്തിൽ നിന്ന് മാസ്ക് വാങ്ങിയത് വഴി അറിയു വാൻ സാധിച്ചതെന്തെന്നാൽ, ഈ മാസ്കുകൾ ശസ്ത്രക്രിയ-മാസ്കുകൾ നിർമ്മിക്കുന്ന വസ്തുക്കൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്ന്. കൂടാതെ ഏറ്റവും അപകടകരമായി കണ്ട കാര്യം ഈ മാസ്കുകൾ 3 ദിവസത്തേക്ക് ഉപയോഗിക്കാം എന്നുള്ള തെറ്റായ